LIBRARY ARCHIVES Kerala Legislative Assembly

ശുചിത്വ കേരളം പദ്ധതി

117 ([T] 1491) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന് ശുചിത്വ കേരളം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായ ശുചിത്വ ഗ്രാമം പദ്ധതിയിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. നഗരങ്ങളിലും ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകി വരുന്നു.

(സി) പദ്ധതി നടത്തിപ്പിനായി നഗരങ്ങളിലും ഗ്രാമപഞ്ചായത്തുകളിലും വിവരം ലഭ്യമാക്കുകയും ഇത്തരത്തിൽ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകളുടെ സാങ്കേതിക പരിശോധന നടത്തുകയും ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സാങ്കേതിക സാമ്പത്തിക സഹായം നൽകുകയും ചെയ്തു വരുന്നു.

ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിലെ മുറികൾ

118 (1492) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭാ സ്റ്റേഡിയം കോംപ്ലക്സിൽ മുറികൾ ആവശ്യപ്പെട്ട് "തീരം ടൂറിസം സഹകരണ സംഘം, ആലപ്പുഴ" അപേക്ഷ നൽകിയിരുന്നോ; എങ്കിൽ അപേക്ഷ നൽകിയ തീയതി എന്നാണ്; അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ;

[T] മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.